ഉത്തരം

പരിശോധിച്ച് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ചീങ്ങേരി ടൈബൽ സ്കീം എക്സ്റ്റൻഷൻ ഫാം

173 (1543) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വയനാട് ജില്ലയിൽ ചീങ്ങേരി ടൈബൽ സ്കീം എക്സ്റ്റൻഷൻ ഫാമിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര തൊഴിലാളികൾ പണിയെടുത്തുവെന്ന് അറിയിക്കുമോ ;

(ബി) അവർ എത്ര കാലമായി അവിടെ പണിയെടുത്തുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവരെ ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവർക്ക് നൽകിവരുന്ന വേതനത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഡി) ഈ തൊഴിലാളികളെ സ്ഥിരം/കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നതിന് ഏതെങ്കിലും യൂണിയനുകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പ്രത്യേക പരിഗണനയർഹിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ ഫാമിലെ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കി മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിന് ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 34 കാഷ്വൽ തൊഴിലാളികൾ.

(ബി) 1978 മുതൽ 9 തൊഴിലാളികൾ, 1982 മുതൽ 12 തൊഴിലാളികൾ, 2000 മുതൽ 13 തൊഴിലാളികൾ.

(സി) കാഷ്വൽ തൊഴിലാളികൾ (ദിവസക്കൂലി അടിസ്ഥാനത്തിൽ)

1978 മുതൽ 1982 വരെ ജോലിയിൽ പ്രവേശിച്ച 21 പേർക്ക് സീനിയോറിറ്റി പ്രകാരം 15 വർഷം കഴിഞ്ഞതിനാൽ ദിവസക്കൂലി 360 രൂപ അടിസ്ഥാന വേതനവും, ഡി.എ.യും (സർക്കാർ പ്രഖ്യാപിക്കുന്നതനുസരിച്ച്) നിലവിലുള്ള ഇ.പി.എഫ്. നിയമ പ്രകാരം 12% ഇ.പി.എഫ്. തുകയും അടയ്ക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2000 മുതൽ ജോലിയിൽ പ്രവേശിച്ച 13 പേർക്ക് ദിവസക്കൂലിയായി 350 രൂപ അടിസ്ഥാന വേതനവും, ഡി.എ.യും (സർക്കാർ പ്രഖ്യാപിക്കുന്ന തനുസരിച്ച്) നിലവിലുള്ള ഇ.പി.എഫ്. നിയമപ്രകാരം 12% ഇ.പി.എഫ്. തുകയും അടയ്ക്കുന്നുണ്ട്.

(ഡി&ഇ) കേരള സ്റ്റേറ്റ് ഗവൺമെന്റ് ഫാം വർക്കേഴ്സ് യൂണിയൻ (CITU), കേരള സ്റ്റേറ്റ് ഗവൺമെന്റ് അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ഫെഡറേഷൻ(AITUC) എന്നീ യൂണിയനുകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

ചീങ്ങേരി കോളനിയിലെ ആദിവാസി കുടുംബങ്ങളുടെ ക്ഷേമത്തിനായി 1958-ലാണ് ഫാം ആരംഭിച്ചത്. ഫാമിന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ട്രൈബൽ വകുപ്പിനും ഫാം നടത്തിപ്പിന്റെ ചുമതല കൃഷി വകുപ്പിനുമാണ്. കൂടാതെ ഫാമിൽ തൊഴിലാളികളെ നിയമിക്കുന്നത് ട്രൈബൽ വകുപ്പാണ്. ആകെയുള്ള 182 ഏക്കറിൽ 82 ഏക്കർ കൃഷി വകുപ്പിന്റെ കീഴിലും 100 ഏക്കർ ട്രൈബൽ വകുപ്പിന്റെ കീഴിലുമാണ്.

കണിയൻ പുഴയിൽ നിന്നും ഉപ്പു വെള്ളം കയറി കൃഷി നാശം

174 (T 1544) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കണ്ണൂർ ജില്ലയിൽ കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ കണിയൻ പുഴയിൽനിന്നും ഉപ്പുവെള്ളം കയറി വ്യാപകമായി കൃഷിനാശം സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉപ്പുവെള്ളം കയറുന്നത് തടയാൻ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് എടാട്ടുമ്മൽ പാലത്തിനു സമീപം താല്കാലിക ബണ്ട് നിർമ്മിക്കുകയും ചാലിയപള്ളി ക്രോസ്സ്ബാറിന് ഷട്ടർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള ശാശ്വതപരിഹാരമായി തലിപ്പാലം ക്രോസ്സ്ബാറിന് അറ്റകുറ്റപണി ചെയ്യേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്ക് നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്തുന്നതിനായി 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly